വിദേശത്തു നടത്തുന്ന മെഡിക്കൽ ചികിത്സയ്ക്കുള്ള വിദേശ നാണ്യ റിലീസിന്റെ ഉദാരവൽക്കരണം

A.P. (Dir സീരീസ്) സർക്കുലർ നമ്പർ 17 (സെപ്തംബർ 12, 2002)

ഭാരതീയ റിസർവ് ബാങ്ക്
വിനിമയ നിയന്ത്രണ വകുപ്പ്
കേന്ദ്ര കാര്യാലയം
മുംബൈ 400 001

എല്ലാ അംഗീകൃത വിദേശ നാണ്യ വിനിമയ ഡീലർമാർക്കും

മാഡം/സർ,

**വിദേശത്തു നടത്തുന്ന മെഡിക്കൽ ചികിത്സയ്ക്കുള്ള വിദേശ നാണ്യ റിലീസിന്റെ ഉദാരവൽക്കരണം**

വിദേശത്ത് മെഡിക്കൽ ചികതസയ്ക്ക് വേണ്ടുന്ന ചിലവുകൾക്കായി ഒരു ഇന്ത്യൻ ഡോക്ടറിൽ നിന്നോ അല്ലെങ്കിൽ വിദേശത്തുള്ള ഡോക്ടർ /ഹോസ്പിറ്റലിൽ നിന്നോ ഉള്ള എസ്റ്റിമേറ്റ് ഹാജരാക്കുമ്പോൾ ഇന്ത്യക്കാർക്ക് വിദേശ നാണ്യം റിലീസ് ചെയ്യുന്നതിന് അംഗീകൃത ഡീലർമാരെ അധികാരപ്പെടുത്തുന്ന 2000, മെയ് 3 ലെ G S R 381 (E) യുടെ ഷെഡ്യൂൾ III ലെ 9-ാം ഇനത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. എന്നാലിപ്പോൾ വിദേശത്തുള്ള മെഡിക്കൽ ചികിത്സയ്ക്കുള്ള വിദേശ നാണ്യം തടസ്സങ്ങളില്ലാതെയും സമയ നഷ്ടമില്ലാതെയും ലഭ്യമാകുന്നതിനായി 50000 യു എസ് ഡോളർ അല്ലെങ്കിൽ തത്തുല്യ സംഖ്യ ഡോക്ടർ/ഹോസ്പിറ്റൽ ഇവരിൽ നിന്നുള്ള എസ്റ്റിമേറ്റ് നിർബന്ധമാക്കാതെ തന്നെ അംഗീകൃത ഡീലർമാർക്ക് റിലീസ് ചെയ്യാം.

3. അതുപ്രകാരം വിദേശത്ത് നടത്തുന്ന മെഡിക്കൽ ചികിത്സയ്ക്ക് വേണ്ടിയാണ് താൻ വിദേശനാണ്യം വാങ്ങുന്നതെന്ന അപേക്ഷകന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 50,000 യു എസ് ഡോളറോ തത്തുല്യ തുകയോ ഇന്ത്യയ്ക്ക് പുറത്തുള്ള ചികിത്സക്കായി അംഗീകൃത ഡീലർമാർക്ക് റിലീസ് ചെയ്യാവുന്നതാണ്

എന്നാൽ വിദേശ നാണ്യം വാങ്ങുന്നതിനുള്ള പണം കൊടുക്കുന്നത് ചെക്ക് മുഖേനയോ അപേക്ഷകന്റെ അക്കൗണ്ടിലേക്കുള്ള ഡെബിറ്റോ അല്ലെങ്കിൽ ഡിമാന്റ് ഡ്രാഫ്റ്റോ വഴിയോ ആയിരിക്കണം

4. അംഗീകൃത ഡീലർമാർ ഈ സർക്കുലറിന്റെ ഉള്ളടക്കം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതാണ്

5. 1999ലെ (1999 ലെ 42) വിദേശ വിനിമയ മാനേജ്മെന്റ് നിയമത്തിന്റെ ഈ സർക്കുലറിലെ സെക്ഷൻ 10 ൽ 4 ന്റെയും സെക്ഷൻ 11ൽ 1 ന്റെയും കീഴിൽ നിർദ്ദേശങ്ങൾ നൽകിയിരിക്കണം.

വിശ്വസ്തതയോടെ

ഗ്രേസ് കോശി
ചീഫ് ജനറൽ മാനേജർ